ജി എം വി എച്ച് എസ് എസ്
കാസറഗോഡ്




# ഞെമ്മോ

ഡിജിറ്റൽ മാഗസിൻ
2023-24



# ആശംസ

നിർമ്മിത ബുദ്ധിയുടെ ഈ കാലത്ത്
അറിവ് ശക്തിയാണെന്ന് തിരിച്ചറിഞ്ഞ് സത്യം ,
ധർമം ,സ്നേഹം എന്നീ മൂല്യങ്ങളെ ചേർത്ത് പിടിച്ചു കൊണ്ട്
മുന്നേറുവാൻ ഇന്നത്തെ തലമുറക്ക് കഴിയട്ടെ.....
ഈ അധ്യയന വർഷത്തെ ഡിജിറ്റൽ മാഗസിൻ നിർമ്മാണ
പ്രക്രിയയിൽ പങ്കെടുത്ത കുട്ടികളെയും  അതിനവരെ പ്രാപ്തരാക്കിയ
അധ്യാപകരെയും അഭിനന്ദിക്കുന്നതോടൊപ്പം നിറഞ്ഞ സ്നേഹം
അറിയിക്കുകയും ചെയ്യുന്നു

ഹെഡ്മിസ്ട്രസ്



# ആശംസ

ജി എം വി എച്ച് എസ് എസ് കാസറഗോഡ്
'ഞങ്ങോ' എന്ന പെരിൽ പുറത്തിറക്കുന്ന ഡിജിറ്റൽ
മാഗസിൻ എല്ലാവിധ ഭാവുഗങ്ങളും നേരുന്നു

പി ടി എ പ്രസിഡന്റ്




# ആശംസ

കവി പറഞ്ഞത് പോലെ
'വേഗമാവട്ടെ വേഗമാവട്ടെ
സ്നേഹസുന്ദരപാതയിലൂടെ '
എന്നാണ് ഈ സൈബർ യുഗത്തിലും എനിക്ക്
ആശംസിക്കാനുള്ളത്
നന്മകൾ നേരുന്നു

അംബികാസുതൻ മാങ്ങാട്

## ജി.എം.വി.എച്ച്.എസ്.എസ് കാസറഗോഡ്....

കാസറഗോഡ് ജില്ലയുടെ ഏകദേശം വടക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന കാസറഗോഡ് മുനിസിപ്പാലിറ്റിയിലാണ് ജി.എം.വി.എച്ച്.എസ്.എസ് കാസറഗോഡ്.പാഠ്യ പാഠ്യേതരരംഗത്ത് മികച്ച നിലവാരം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന സ്കൂളാണിത്. ദേശീയ,സംസ്ഥാനതലങ്ങളിൽ വിവിധ സ്കോളർഷിപ്പ് മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് സാധിക്കുന്നു.

അക്കാദമിക രംഗത്തും കലാരംഗത്തും കായികരംഗത്തും ഒരു പോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിദ്ധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ഫലപ്രദമായ കൗൺസിലിങ്ങ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും, അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.
പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എയുടെ ഇടപെടലും പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചയത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പു വരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന സ്കൂൾ ക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപഠേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.ഈ അക്കാദമിക് മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## സ്കൂൾ വിവരങ്ങൾ

1 .റെവന്യൂ ജില്ല – കാസറഗോഡ്

2 .സ്കൂൾ കോഡ് –1 1 0 0 3

3 .സ്കൂളിന്റെ പേര് – ജി എം വി എച്ച് എച്ച് എസ് എസ് കാസറഗോഡ്

4 .പിൻ കോഡ് –6 7 1 1 2 2

5 .ഇ . മെയിൽ അഡ്രസ്സ് – 1 1 0 0 3 @ gmvhss kasaragod

6 .മുനിസിപ്പാലിറ്റി – കാസറഗോഡ്

7 .വിദ്യാഭ്യാസ ജില്ല – കാസറഗോഡ്

8 .സബ് ജില്ല – കാസറഗോഡ്

9 .ക്ലാസുകൾ – 5 മുതൽ 12 വരെ

10 .മാനേജ്മെന്റ് – ഗവണ്മെന്റ്

11 . പഠനമാധ്യമം – മലയാളം ,ഇംഗ്ലീഷ്

12. ഒന്നാംഭാഷ –മലയാളം , അറബി

# മൊബൈൽ ഫോണിന്റെ ഉപയോഗം

നമ്മുടെ സമൂഹത്തിൽനമുക്ക് എല്ലാവരുടേയും കൈയിൽകാണുന്ന വസ്തുവാണ്മൊബൈൽ ഫോൺ. ഇപ്പോൾ മുതിർന്നവർ മാത്രമല്ല ചെറിയ കുട്ടികളിൽപ്പോലും മൊബൈൽഫോൺ കാണുന്നു. ഇപ്പോൾ നിരന്തരം മൊബൈൽ ഫോണിന്റെ ഉപയോഗം വർദ്ധിച്ചിരിക്കുന്നു. എന്തിനും, ഏതിനും മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. പക്ഷെ ഈ മൊബൈൽ ഫോണിൽ തന്നെ നല്ലതും ചീത്തയുമായ കൂടുതൽ കാര്യങ്ങളുണ്ട്. ഇപ്പോൾ പലരും മൊബൈൽ ഫോൺ ചീത്ത കാര്യങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. മറിച്ച് നല്ല കാര്യങ്ങൾക്കുവേണ്ടി നമ്മൾ മൊബൈൽ ഫോൺ ഉപയോഗിക്കണം.

ആദ്യം തന്നെ ഇതിന്റെ നല്ല കാര്യങ്ങൾ പറഞ്ഞു തരാം. ഈ മൊബൈൽ ഫോൺ ഉപയോഗിച്ച് നമ്മുടെ ക്ലാസ്സിൽ പഠിക്കുന്ന കാര്യം ഓൺലൈൻ ക്ലാസ്സായും മറ്റു ക്ലാസ്സായും ഉപയോഗിക്കാം. എത്ര തവണ വേണമെങ്കിലും നമുക്ക് വീഡിയോ നോക്കാം. പിന്നെ നമുക്ക് കുറെ കുറെ മറ്റു പല കാര്യങ്ങളും അറിയാൻ സാധിക്കും. നമുക്ക് വീട്ടിൽ ഇരുന്നു തന്നെ മറ്റു രാജ്യങ്ങളിൽ നടക്കുന്ന സംഭവം നമുക്ക് നിഷ്പ്രയാസം കാണാനാകും. പിന്നെ നമുക്ക് വിഷമം വന്നാൽ കോമഡി വീഡിയോസും നോക്കി സങ്കടമെല്ലാം മാറ്റാം. ഇന്റർനെറ്റിൽ നിന്നും പല അറിവുകൾ ലഭിക്കുകയും, നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവങ്ങൾ വാർത്തകളിലൂടെ അറിയാനും കഴിയും.സ്വന്തം വീട്ടിലിരുന്ന് പല പല രാജ്യങ്ങളിലേക്കും സഞ്ചരിക്കാനും കഴിയും. പല പല മൃഗങ്ങളെ കുറിച്ച് അറിയാനും, മറ്റു പല രാജ്യങ്ങളിലെ ആൾക്കാരുടെ ജീവിതശൈലികൾ മനസ്സിലാക്കാനും നമുക്ക് മൊബൈൽ ഫോണിലൂടെ സാധിക്കും. ഉപരിഭാഷകളായ ലാറ്റിൻ, ഗ്രീക്ക്, ഫ്രഞ്ച്, ഹിന്ദി, തമിഴ്, ബംഗാളി, മറാത്തി അങ്ങനെ എത്ര ഭാഷകൾ വേണമെങ്കിലും നമുക്ക് ഈ ഒരു കൊച്ചു വസ്തുവായ മൊബൈൽ ഫോണിലൂടെ പഠിക്കാം. 2022ൽ ഖത്തറിൽ നടന്ന ഫിഫ വേൾഡ് കപ്പിൽ മെസ്സി ഗോളടിച്ചതും, കപ്പ് കീഴടക്കിയതും, അത് കണ്ട് നമ്മൾ സന്തോഷിച്ചിട്ടുണ്ട്. പക്ഷേ നമുക്ക് എങ്ങനെയാണ് ഇതെല്ലാം അറിഞ്ഞത്? നമ്മൾ ഇതെല്ലാം അറിഞ്ഞത് ഈ മൊബൈൽ ഫോണിൽ കൂടിയായിരുന്നു.നല്ല കാര്യങ്ങൾ ഉള്ളതു പോലെ ചീത്ത കാര്യങ്ങളും ഈ കൊച്ചുവസ്തുവായ ഫോണിലുണ്ട്.

ഈ മൊബൈൽ ഫോൺ തന്നെയാണ് ലഹരിക്ക് അടിമപ്പെടാൻ ഒന്നാമത്തെ കാര്യം. എന്തെന്നാൽ മൊബൈലിൽ സീരിയലും സിനിമയും നോക്കിയാണ് ഇപ്പോഴുള്ള സമൂഹത്തിലെ കൊച്ചുകുട്ടികൾ പോലും ലഹരിക്ക് അടിമപ്പെടുന്നതെന്ന് നമുക്ക് കാണാം. നമ്മുടെ ശരീരത്തിനും ഇത് ബാധിക്കുന്നനു. നമ്മുടെ കണ്ണുകൾക്ക് ഇത് ദോഷകരമാകുന്നു. എങ്ങനെയാണെന്ന് പറഞ്ഞാൽ കൂടുതൽ സമയം മൊബൈൽ നോക്കുന്നത് കൊണ്ട്. മൊബൈൽ ഫോണുപയോഗിച്ചുള്ള പല അപകടങ്ങളെക്കുറിച്ചും നമ്മൾ കേട്ടിട്ടുണ്ട്. മൊബൈൽ ഫോൺ കൊടുത്ത് പഠിപ്പിക്കുന്നത് അവരവരുടെ മാതാപിതാക്കൾ തന്നെയാണ് . ചെറുപ്രായത്തിൽ തന്നെ അവർക്ക് കൊടുത്ത് ശീലമാക്കും. വലുതാകുമ്പോൾ മാതാപിതാക്കളെ അനുസരിക്കാതെ മൊബൈൽ ഫോണിൽ തന്നെ മുഴുകിയിരിക്കും.

ശിവപ്രിയ
9A

# സ്നേഹം

സ്നേഹം സ്പർശിക്കാൻ കൊതിക്കുന്നത്
വിരൽ തുമ്പുകളെയല്ല
ഹൃദയത്തെയാണ്
മൗനമാണ്
സന്ദേശവാഹകനെങ്കിൽ
ഹൃദയം ഇരുട്ടിനെ കൊതിക്കുന്നു
അവയ്ക്ക് നിശ്ശബ്ദത താരാട്ടും
മിന്നാമിനുങ്ങുകളും വെളിച്ചവും
നക്ഷത്രവും കൂട്ടുകാരാവുന്നു

– റിസ ഫാത്തിമ
9 A

JRC STUDENTS








5A



5B



5C



6A



6B



7A



8A



8B



9A

# കാസറഗോഡ് വാക്കുകൾ



ദയവായി : ആഭ

ചീറ്റ സ്വഭാവം കാണിക്കണ്ട : ബെട്യാ കാളി കലികണ്ട

വിചാരിക്കുക: നിരിക്കുക

ബോറടിക്കുന്നു : കർക്കരെ ആണ്

ജ്യേഷ്ട്ടൻ : ഇച്ഛ

ജ്യേഷ്ട്ടത്തി : ഇത്ത

ഒരുപാട് : ജാസ്തി

സ്ഥലം : ജാഗെ

അവിടെ : ആടെ

ഇവിടെ : ഇടെ

**BY : SARAZ PV 9TH A**

# RAIN

Raindrops dance on rooftops high,
Whispering secrets as they fly.
A symphony of nature's grace,
Painting earth with liquid lace.

ABDULLA RAHIL
8A

# നന്ദി